**കാലിക്കറ്റ് സർവകലാശാല**

നമ്പർ. 105233/DOA-ASST-6/2024/Admn

തീയതി: 05.07.2024

**സർക്കുലർ**

വിഷയം:- 2024 -2025 അധ്യയന വർഷത്തെ ബി എഡ് പ്രവേശനത്തോടനുബന്ധിച്ച് ഗവ./ എയ്ഡഡ്/ യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ/അൺഎയ്ഡഡ് ട്രെയിനിങ് കോളേജുകളിലെ പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

**സർക്കുലർ-4**

2024-2025 അധ്യയന വർഷത്തെ ബി.എഡ്. പ്രവേശനത്തോടനുബന്ധിച്ച് ഗവ./ എയ്ഡഡ്/ യൂണിവേഴ്സിറ്റി ടീച്ചർ എഡ്യൂക്കേഷൻ സെന്റർ/അൺഎയ്ഡഡ് ട്രെയിനിങ് കോളേജുകളിലെ പ്രിൻസിപ്പൽമാർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ.

1.2024-25 അധ്യയന വർഷത്തെ ബി.എഡ്. കോമേഴ്സ് ഓപ്ഷൻ ഒഴികെയുള്ള ഓപ്ഷനുകളിലേക്കുള്ള ഫസ്റ്റ് അല്ലോട്മെന്റും, സ്പെഷ്യൽ ബി എഡ് റാങ്ക് ലിസ്റ്റും പ്രസിദ്ധീകരിച്ചു. കോമേഴ്സ് ഓപ്ഷനിലേക്കുള്ള അലോട്ട്മെന്റ് പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.

**2.അലോട്ട്മെന്റ് ലഭിച്ച മുഴുവൻ വിദ്യാർത്ഥികളും മാൻഡേറ്ററി ഫീസ് അടക്കേണ്ടതാണ്.** മാൻഡേറ്ററി ഫീസ്, എസ്.സി/ എസ് ടി/ ഒ ഇ സി വിഭാഗം **Rs.135/-** രൂപ ( Allotment fee Rs.135/-), **മറ്റുള്ളവർ - Rs.540/-** രൂപ (Sports Affiliation Fee Rs.310/-, University Union Fee Rs.95/-, Allotment Fee Rs.135/-). മാൻഡേറ്ററി ഫീസ് ലിങ്ക് 06.07.2024 മുതൽ 10.07.2024 4.00 PM വരെ ലഭ്യമാകുന്നതാണ്.

3.ഫസ്റ്റ് ഓപ്ഷൻ ലഭിച്ചവർക്കും ലഭിച്ച ഓപ്ഷനിൽ തൃപ്തരായവർക്കും (ഹയർ ഓപ്ഷൻ മുഴുവനും റദ്ദ് ചെയ്ത്) **സ്ഥിര പ്രവേശനം** നൽകാവുന്നതാണ്. മാൻഡേറ്ററി ഫീസ് അടച്ച വിദ്യാർത്ഥികൾക്ക് മാത്രമേ പ്രവേശനം അനുവദിക്കാവൂ. മാൻഡേറ്ററി ഫീസ് അടച്ചവർക്ക് മാത്രമേ അഡ്മിഷൻ എൻട്രി സാധ്യമാവുകയുള്ളൂ. ടി വിദ്യാർത്ഥികളെ നേരിട്ട് വിളിച്ച് പ്രവേശന ദിവസവും സമയവും ക്രമീകരിക്കാവുന്നതാണ്.

4.പ്രവേശനത്തിന്റെ പൂർണ ഉത്തരവാദിത്വം കോളേജ് പ്രിൻസിപ്പൽമാർക്കാണ്.

5.അലോട്ട്മെന്റ് ലഭിച്ച **അഡ്മിറ്റ് കാർഡുമായി** വരുന്ന വിദ്യാർത്ഥികൾക്ക് 06.07.2024 മുതൽ 10.07.2024 വരെയുള്ള തിയ്യതികളിൽ **സ്ഥിര പ്രവേശനം** നൽകേണ്ടതാണ്.

6.സ്പെഷ്യൽ ബി.എഡ്. പ്രവേശനത്തിന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ റാങ്ക് അനുസരിച്ച് 06.07.2024 മുതൽ പ്രവേശനം നൽകേണ്ടതാണ്. ടി വിദ്യാർത്ഥികളെ നേരിട്ട് വിളിച്ച് പ്രവേശന ദിവസവും സമയവും ക്രമീകരിക്കാവുന്നതാണ്.

7.സ്പെഷ്യൽ ബി.എഡ്. പ്രവേശനത്തിന്റെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ കോളേജിൽ നേരിട്ട് മാൻഡേറ്ററി ഫീസ് അടക്കേണ്ടതാണ്.

**8. കോമേഴ്സ് ഓപ്ഷൻ ഒഴികെയുള്ള കോളേജുകളുടെ PWD, Defence, Linguistic minority , Community quota റാങ്ക് ലിസ്റ്റുകൾ 08.07.2024 ന് കോളേജ് ലോഗിനിൽ ലഭ്യമാവുന്നതാണ്.**

**9.കോമേഴ്സ് ഓപ്ഷൻ ഒഴികെയുള്ള കോളേജുകളുടെ PWD, Defence, Linguistic minority , Community ക്വാട്ടയിൽ പ്രവേശനം നേടുന്നവർക്ക് 08.07.2024 മുതൽ 10.07.2024, 4 pm വരെ മാൻഡേറ്ററി ഫീസ് അടക്കാൻ സൗകര്യമുണ്ടായിരിക്കും .**

10.Management Quota പ്രവേശനം 08.07.2024 മുതൽ നടത്താവുന്നതാണ്.

11. Management Quota യിൽ പ്രവേശനം നേടുന്നവരും രെജിസ്ട്രേഷൻ പൂർത്തീകരിച്ച് മാൻ ഡേറ്ററി ഫീസ് നിർബന്ധമായും അടച്ചിരിക്കണം, അല്ലാത്തപക്ഷം അവരെ അഡ്മിഷൻ ലിങ്കിൽ അപ്‌ലോഡ് ചെയ്യാൻ സാധിക്കില്ല.

**12.10.07.2024, ശേഷം മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടുന്നവർക്ക് രണ്ടാം അല്ലോട്മെന്റിന് ശേഷം മാൻഡേറ്ററി ഫീസ് അടക്കാൻ സൗകര്യമുണ്ടായിരിക്കും .**

13.സ്പോർട്സ് ക്വാട്ടയിലേക്കുള്ള പ്രവേശനത്തിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നൽകുന്ന റാങ്ക്‌ലിസ്റ്റ് ലഭിക്കുന്ന മുറക്ക് പ്രവേശനം നൽകാവുന്നതാണ്.

**14. 06.07.2024 മുതൽ 10.07.2024 വരെയുള്ള തിയ്യതികളിൽ കോളേജുകൾ സ്ഥിരം പ്രവേശനം നൽകിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ 10.07.2024 <u>5.00 PM മുൻപായി</u> നിർബന്ധമായും ഓൺലൈൻ പ്രവേശന ലിങ്കിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്, അല്ലാത്തപക്ഷം വിദ്യാർത്ഥികൾ പ്രവേശന പ്രക്രിയയിൽ നിന്ന് പുറത്താകുന്നതും, ലഭിച്ച സീറ്റുകൾ നഷ്ടമാകുന്നതുമാണ്. ഇത്തരത്തിൽ സീറ്റുകൾ നഷ്ടമായാലും/ അല്ലോട്മെന്റിൽ നിന്ന് വിദ്യാർത്ഥികൾ പുറത്തു പോയാലും ആയതിന്റെ പൂർണ ഉത്തരവാദിത്വം അതാത് കോളേജിലെ പ്രവേശന അധികാരികൾക്കായിരിക്കും.**

15.ഒന്നാം അലോട്ട്മെന്റ് ലഭിച്ച് മാൻഡേറ്ററി ഫീസ് അടച്ച് 10.07.2024 തിയ്യതിക്കുള്ളിൽ സ്ഥിരം പ്രവേശനം എടുക്കാത്തവർക്ക് നിലവിൽ ലഭിച്ച അലോട്ട്മെന്റ് നഷ്ടമാകുന്നതും തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ നിന്നും, പ്രവേശന പ്രക്രിയയിൽ നിന്നും പുറത്താകുന്നതുമാണ്.

16.സ്ഥിര പ്രവേശനത്തിന് വരുന്ന വിദ്യാർത്ഥികളുടെ ഇൻഡക്സ് മാർക്കും, അഡ്മിറ്റ് കാർഡിൽ പ്രതിപാദിച്ചിട്ടുള്ള എല്ലാ അസ്സൽ രേഖകളും പ്രവേശന സമയത്തു പരിശോധിക്കേണ്ടതാണ്. അസ്സൽ രേഖകൾ പരിശോധിച്ചതിനു ശേഷം ടി.സി. ഒഴികെയുള്ള എല്ലാ അസ്സൽ രേഖകളും വിദ്യാർത്ഥികൾക്ക് തിരിച്ച് നൽകേണ്ടതാണ്. ടി.സി. ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് അവ **<u>ഹാജരാകാനുള്ള സാവകാശം 08.08.2024 വരെ നൽകാവുന്നതാണ്</u>**. ടി വിവരം വിദ്യാർത്ഥികളിൽ

നിന്ന് ഒരു സാക്ഷ്യപത്രത്തിൽ രേഖാമൂലം എഴുതി വാങ്ങേണ്ടതാണ്.

17.ഫസ്റ്റ് അലോട്ട്മെന്റ് ലഭിച്ച സ്ഥിര പ്രവേശനത്തിന് വരുന്ന വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷനുകൾ ഉണ്ടെങ്കിൽ എല്ലാ ഹയർ ഓപ്ഷനുകളും റദ്ദാക്കിയതിനു ശേഷമേ സ്ഥിര പ്രവേശനം നൽകാവൂ. ഹയർ ഓപ്ഷൻ നിലനിർത്തുന്ന വിദ്യാർഥികൾ പ്രവേശനത്തിനായി കോളേജിൽ വരുകയാണെങ്കിൽ അവർക്ക് പ്രവേശനം നൽകേണ്ട ആവശ്യമില്ല, അവർ മാൻഡേറ്ററി ഫീസ് മാത്രം അടച്ച് രണ്ടാം അല്ലോട്മെന്റിന് ശേഷം സ്ഥിര പ്രവേശനം നേടിയാൽ മതി എന്ന് അവരെ അറിയിക്കാവുന്നതാണ്.

18. ഹയർ ഓപ്ഷനുകൾ റദ്ദ് ചെയ്യാനുള്ള സൗകര്യം വിദ്യാർത്ഥികൾക്ക് ലഭ്യമാണ്. ആയത് വിദ്യാർത്ഥികൾ തന്നെ റദ്ദ് ചെയ്ത ശേഷം സ്ഥിര പ്രവേശനം നേടാവുന്നതാണ്.

19.ക്യാപ് റെജിസ്ട്രേഷൻ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് യാതൊരു കാരണവശാലും പ്രവേശനം അനുവദിക്കരുത്.

20.കോളേജ് സമർപ്പിച്ചിട്ടുള്ള Seat splitup ലോഗിനിലുള്ള Seat splitup അനുസരിച്ചായിരിക്കണം മെറിറ്റ് / സംവരണ സീറ്റിലേക്കുള്ള പ്രവേശനം നടത്തേണ്ടത് .

21.റിസർവേഷൻ/ സ്പെഷ്യൽ റിസർവേഷൻ എന്നിവയിൽ സീറ്റ് സ്പ്ലിറ്റ് അപ്പ് പ്രകാരം നൽകിയ ഓപ്ഷനിൽ വിദ്യാർത്ഥികൾ ഇല്ലെങ്കിൽ ആയതിനുള്ള പ്രവേശന പ്രക്രിയ പിന്നീട് അറിയിക്കുന്നതാണ്. ആയതിലേക്ക് യാതൊരു കാരണവശാലും പ്രവേശനം നല്കാൻ പാടില്ല.

22. Income/ Asset സർട്ടിഫിക്കറ്റ് പ്രകാരം 4 ലക്ഷമോ അതിൽ താഴെയോ വാർഷിക വരുമാനം ഉള്ളവർ/ AAY/ PHH സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമാണ് EWS റിസെർവേഷന് അർഹതയുള്ളത്. EWS സീറ്റിൽ പ്രവേശനം നേടുന്നവരുടെ EWS സർട്ടിഫിക്കറ്റ് നിർബന്ധമായും പരിശോധിക്കേണ്ടതാണ്.

**23 .ഏതു റിസർവേഷൻ വിഭാഗം ആയാലും ഓപ്പൺ മെറിറ്റിലാണ് അലോട്ട്മെന്റ് വന്നതെങ്കിൽ ടി വിദ്യാർത്ഥികളെ OPEN എന്ന Admitted Category ലാണ് പ്രവേശനം നൽകേണ്ടത്.**

24.ഓരോ വിദ്യാർത്ഥിയും റെജിസ്ട്രേഷൻ സമയത്തു സമർപ്പിക്കുന്ന മാർക്ക്, വെയിറ്റേജ്, ബോണസ് മാർക്ക് എന്നിവയുടെ അടിസ്ഥാനത്തിലാണ് അപേക്ഷിക്കുന്ന വിഷയങ്ങൾക്കു ഇൻഡക്സ് ചെയ്യുന്നത്. ആയതിനാൽ കോളേജ് മേലധികാരികൾ വിദ്യാർത്ഥികൾ രേഖപ്പെടുത്തിയ മാർക്കുകളും, ബോണസ്, വെയിറ്റേജ് എന്നിവയും അസ്സൽ രേഖകൾ പ്രകാരം ശരിയാണെന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമാണ് പ്രവേശനം നടത്തേണ്ടത്. പ്രവേശന വിജ്ഞാപനത്തിൽ നിർദേശിച്ച പ്രകാരം വിദ്യാർത്ഥികൾക്ക് പ്രവേശന യോഗ്യത ഉണ്ടെന്നു ഉറപ്പുവരുത്തേണ്ടതാണ്.

25. NSS, NCC വെയിറ്റേജ് ലഭിച്ച വിദ്യാർത്ഥികളുടെ NSS, NCC ഡിഗ്രി തലത്തിൽ ഉള്ളതാണെന്ന് ഉറപ്പു വരുത്തേണ്ടതാണ്, അല്ലാത്തപക്ഷം ആയതിന്റെ വെയിറ്റേജ് മാർക്ക് ഇൻഡക്സ് മാർക്കിൽ നിന്ന് കുറവ് ചെയ്യേണ്ടതാണ്.

26.അഡ്മിറ്റ് കാർഡിനുള്ള ഇൻഡക്സ് സ്കോർ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റുമായി ഒത്തു നോക്കി

കൃത്യത ഉറപ്പു വരുത്തണം.

27.ഇൻഡക്സ് മാർക്ക് തെറ്റുണ്ടെങ്കിൽ തെറ്റ് തിരുത്തി വീണ്ടും കണക്ക് കൂട്ടിയതിനു ശേഷം,

27.1. പ്രസ്തുത വിദ്യാർത്ഥി അലോട്ട്മെന്റ് ലിസ്റ്റിൽ നിന്ന് പുറത്തു പോകാൻ സാധ്യത ഇല്ലെങ്കിൽ വിദ്യാർത്ഥിയെ അഡ്മിറ്റ് ചെയ്തതിനു ശേഷം തെറ്റ് തിരുത്താനായി 17.07.2024 **മുതൽ 20.07.2024 തിയ്യതി വരെ അനുവദിക്കുന്ന എഡിറ്റിംഗ്** സൗകര്യം ഉപയോഗപ്പെടുത്താൻ വിദ്യാർത്ഥികളോട് നിർദേശിക്കേണ്ടതാണ്. അപ്രകാരം എഡിറ്റിംഗ് നടത്തിയ വിദ്യാർത്ഥികളുടെ പക്കൽനിന്നും പുതുക്കിയ പ്രിന്റൗട്ട് കോളേജിൽ വാങ്ങി പരിശോധിക്കേണ്ടതാണ് .

27.2. ഇൻഡക്സ് മാർക്ക് കണക്കാക്കിയതിൽ കുറവ് വരുന്ന പക്ഷം അലോട്ട്മെന്റ് ലഭിച്ച കാറ്റഗറിയിലെ അവസാനത്തെ വിദ്യാർത്ഥിയുടെ ഇൻഡക്സിന് തുല്യമോ അതിലും കുറവോ ആണെങ്കിൽ വിദ്യാർത്ഥിക്ക് അലോട്ട്മെന്റ് നഷ്ടമാവുന്നതും പ്രവേശനം നിഷേധിക്കേണ്ടതുമാണ്. അങ്ങനെ പ്രവേശനം നിഷേധിച്ചവർക്ക് അവരുടെ മാർക്ക് തിരുത്തുന്നതിനായി 17.07.2024 മുതൽ 20.07.2024 തിയ്യതി വരെ അനുവദിക്കുന്ന എഡിറ്റിംഗ് സൗകര്യം ഉപയോഗപ്പെടുത്തണമെന്നും ശേഷം അവരെ വെയ്റ്റിങ് റാങ്ക്ലിസ്റ്റിൽ ഉൾപ്പെടുത്തും എന്നും വിദ്യാർത്ഥികളോട് നിർദേശിക്കേണ്ടതാണ്.

ഉദാഹരണം:- അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി ഓപ്പൺ ആണെന്ന് കരുതുക.
ഓപ്പൺ കാറ്റഗറിയിലെ അവസാനത്തെ ഇൻഡക്സ് മാർക്ക് 950 ആണെന്ന് കരുതുക, ഓപ്പൺ കാറ്റഗറിയിൽ അലോട്ട്മെന്റ് ലഭിച്ചവരുടെ ഇൻഡക്സ് പരിശോധനയിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥിക്ക് 950 യോ അല്ലെങ്കിൽ അതിൽ കുറവോ ഇൻഡക്സ് ആണെങ്കിൽ പ്രവേശനം നൽകരുത്.

27.3. 10+2+5 MA/M.Sc Integrated കോഴ്സിന് അപേക്ഷിച്ചവരുടെ Overall CGPA യുടെ അടിസ്ഥാനത്തിലാണ് ഇൻഡക്സ് ചെയ്തിട്ടുള്ളത്.

27.4. UGയും PGയും ഉള്ള (10+2+3) വിദ്യാർത്ഥികൾ തെറ്റായി 10+2+5 (ഇന്റഗ്രേറ്റഡ് പ്രോഗ്രാം) പാറ്റേൺ തിരഞ്ഞെടുത്താണ് അലോട്ട്മെന്റ് ലഭിച്ചതെങ്കിൽ അവരുടെ ഇൻഡക്സ് പ്രോസ്പെക്ടസ് ഖണ്ഡിക 4.1.1, 4.1.2, 6 എന്നിവയുടെ അടിസ്ഥാനത്തിൽ ഇൻഡക്സ് കണക്കാക്കേണ്ടതാണ്.

28. സർവ്വകലാശാല നിഷ്കർഷിച്ച ഫീസ് മാത്രമേ വിദ്യാർത്ഥികളിൽ നിന്ന് വാങ്ങാവൂ.

29. ബി എഡ് ഫീസ് ഘടന *http:admission.uoc.ac.in* സൈറ്റിൽ ലഭ്യമാണ്.

**30. 2024-2025 അധ്യയന വർഷത്തെ ബി എഡ് ക്ലാസുകൾ 10.07.2024 ന് ആരംഭിക്കുന്നതാണ്.**

31. <u>ഇൻഡക്സ് ചെയ്യുന്ന രീതി</u>

**സി.യു.സി.ബി.സി.എസ്.എസ്. (CUCBCSS), സി.ബി.സി.എസ്.എസ്. (CBCSS) സ്കീം (6, 10 ഗ്രേഡ് പോയിന്റ്):** കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡിൽ രേഖപ്പെടുത്തിയ CGPA in Percentage ആണ് പരിഗണിക്കേണ്ടത്. വിദ്യാർത്ഥികൾക്ക് ലഭിച്ച CGPA in Percentage x 10

**സി.യു.സി.ബി.സി.എസ്.എസ് 2017 സ്കീം (6 ഗ്രേഡ് പോയിന്റ്):** കൺസോളിഡേറ്റഡ് ഗ്രേഡ് കാർഡിൽ രേഖപ്പെടുത്തിയ CGPA ആണ് പരിഗണിക്കേണ്ടത് .

വിദ്യാർത്ഥികൾക്ക് ലഭിച്ച CGPA താഴെ പറയുന്ന ഫോർമുല ഉപയോഗിച്ച് ഇൻഡക്സ്

കണക്കാക്കണം

CGPA<0.5%=[80xCGPA]x10

0.5<CGPA>5.5%=[40+(CGPA-0.5)x10]x10

CGPA>5.5%=[90+(CGPA-5.5)x20]x10

**സി.എസ്. എസ് (4 ഗ്രേഡ് പോയിന്റ്):**

വിദ്യാർത്ഥികൾക്ക് ലഭിച്ച ഗ്രേഡ് x100

മാക്സിമം ഗ്രേഡ്

**മാർക്ക് സ്കീം:**

വിദ്യാർത്ഥികൾക്ക് ലഭിച്ച മൊത്തം മാർക്ക് x1000

മാക്സിമം മാർക്ക്

**മറ്റ് ഗ്രേഡിംഗ് സമ്പ്രദായം:** സർട്ടിഫിക്കറ്റിൽ Percentage സൂചിപ്പിച്ചിട്ടുണ്ടെങ്കിൽ പരിശോധിച്ചതിനു ശേഷം 10 കൊണ്ട് ഗുണിക്കുക. സർട്ടിഫിക്കറ്റിൽ Percentage സൂചിപ്പിക്കാത്ത വിദ്യാർത്ഥികളുടെ Percentage സർട്ടിഫിക്കറ്റ് നിർബന്ധമായും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

32. Selection criteria പരിശോധിക്കുന്നതിന് 2024 ബി.എഡ്. പ്രോസ്പെക്ടസിലെ Selection criteria 6 കാണുക.

33. ടൈ ബ്രേക്ക് പരിശോധിക്കുന്നതിന് 2024 ബി.എഡ്. പ്രോസ്പെക്ടസിലെ APPENDIX IV കാണുക.

34. ഇതുവരെ ഓൺലൈൻ റെജിസ്ട്രേഷൻ നടത്താത്തവർക്ക് 17.07.2024 മുതൽ 20.07.2024 തിയ്യതിയിൽ എഡിറ്റ് നൽകുന്നതോടൊപ്പം ലേറ്റ് റെജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതാണ്, ശേഷം ഇവരെയും ഉൾപ്പെടുത്തി 24.07.2024 തിയ്യതിയിൽ വെയ്റ്റിംഗ് റാങ്ക് ലിസ്റ്റ് നൽകുന്നതാണ്.

35. 25.07.2024 മുതൽ 07.08.2024 വരെ മാനേജ്മെന്റ് ക്വാട്ട പ്രവേശനത്തിനായി ലേറ്റ് റെജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതാണ്.

Rajeevan Mundayat Valappil

ഡപ്യൂട്ടി രജിസ്ട്രാർ

സ്വീകർത്താവ്:-

എല്ലാ അഫിലിയേറ്റഡ് ഗവ./ എയ്ഡഡ്/ യൂണിവേഴ്സിറ്റി ടീച്ചർ എഡ്യുക്കേഷൻ സെന്റർ/അൺഎയ്ഡഡ് ട്രെയിനിങ് കോളേജുകളിലെ പ്രിൻസിപ്പൽമാർക്ക്